പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

# ക്രമസമാധാനപാലനത്തിൽ പോലീസ് കൈവരിച്ച പുരോഗതി

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *470 27/6/2019-ൽ മറുപടിക്ക്

**ചോദ്യം**

ശ്രീ. സി. ദിവാകരൻ

ശ്രീ. ഇ.കെ.വിജയൻ

ശ്രീമതി ഗീതാ ഗോപി

ശ്രീ.മുഹമ്മദ് മുഹസിൻ പി.

**മറുപടി**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ക്രമസമാധാനപാലനവും കുറ്റാന്വേഷണവും വേർതിരിക്കുന്നതിനുള്ള പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | ക്രമസമാധാനപാലനവും കുറ്റാന്വേഷണവും വേർതിരിക്കുന്നതുമായി ബന്ധപ്പെട്ട് ഒന്നാം ഘട്ടത്തിൽ 196 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ഇൻസ്പെക്ടർമാർ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി പ്രവർത്തിച്ചു വരുന്നനിലവിലെ 7 പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ ആകെ 203 പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത സംവിധാനം നിലവിൽ വന്നു.<br><br>പ്രസ്തുത നടപടിയുടെ രണ്ടാം ഘട്ടത്തിൽ 268 പോലീസ് സ്റ്റേഷനുകളിൽ കൂടി ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.മാരായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ഇതിൽ 167 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.മാരായി നിയമിക്കുകയും ചെയ്തു<br><br>ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.മാരായി നിയമിച്ച പോലീസ് സ്റ്റേഷനുകളിലെല്ലാം |

| | | | |
|---|---|---|---|
| | | | ക്രമസമാധാനവും കറ്റാന്വേഷണവും വേർതിരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | വർഗീയ പ്രചരണങ്ങൾ തടയുന്നതിനും വർഗീയ കലാപങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;; | (ബി) | വർഗീയ സംഘർഷങ്ങൾ/വർഗീയ കലാപങ്ങൾ എന്നിവ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ പ്രസ്താവനകളും, പ്രസംഗങ്ങളും നടത്തുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 153 (A) വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സാമൂഹ്യമാധ്യമങ്ങളിലൂടെ വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കുന്ന രീതിയിൽ പ്രചാരണം നടത്തുന്നവർക്കെതിരെ 153 (A) IPC വകുപ്പ് പ്രകാരം നിയമനടപടികളും Manual of Guidelines to Prevent and Control Communal Disturbances and to Promote Communal Harmony-2005 പ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | ഹർത്താലിന്റെ മറവിൽ പൊതു സ്വകാര്യ സ്വത്തുക്കൾ തകർക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്നും | (സി) | ഹർത്താലിന്റെ മറവിൽ പൊതുമുതൽ നശിപ്പിക്കുന്നത് തടയുന്നതിനും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടാൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കാനും നഷ്ടപരിഹാരം ഈടാക്കാനും Prevention of Damage to Public Property Act, 1984 പ്രകാരം വ്യവസ്ഥയുണ്ട്. ഇത് സംബന്ധിച്ച് 8/1/2019-ല് The Kerala Prevention of |

| | | | |
|---|---|---|---|
| | ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് എതിരെ എന്തൊക്കെ ശിക്ഷാനടപടികളാണ് സ്വീകരിക്കുന്നതെന്നും അറിയിക്കുമോ; | | Damage to Private Property and Payment of Compensation Ordinance 2019 പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം എ& ബി) |
| (ഡി) | ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കി ജനങ്ങൾക്ക് സൈ്വരൃജീവിതം ഉറപ്പാക്കുക എന്ന പ്രാഥമിക ഉത്തരവാദിത്തം നിറവേറ്റുന്നതിൽ കേരളാ പോലീസ് കൈവരിച്ച പുരോഗതി വ്യക്തമാക്കുമോ; | (ഡി) | ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കി ജനങ്ങൾക്ക് സൈ്വരൃജീവിതം ഉറപ്പാക്കുന്നതിനായി പോലീസ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>• വിവിധ രാഷ്ട്രീയ പാർട്ടികൾ/ സമുദായ സംഘടന നേതാക്കന്മാരെ ഉൾപ്പെടുത്തി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ സാമുദായിക സൗഹൃദ സമ്മേളനങ്ങൾ നടത്തുന്നുണ്ട്.<br><br>• ലോക്കൽ പോലീസ്/സ്റ്റേറ്റ്, ജില്ലാ സ്പെഷ്യൽ ബ്രാഞ്ചുകൾ/ കമ്മ്യൂണിറ്റി പോലീസ് സംരംഭങ്ങളുടെ സഹായത്തോടെ വർഗ്ഗീയ പ്രശ്നങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിന്നും മുൻകൂർ വിവരശേഖരണം നടത്തി ജാഗ്രത പാലിക്കുവാൻ പൊതുജനങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി വരുന്നു.<br><br>• സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് കുറ്റാന്വേഷണവും, ക്രമസമാധാനപാലനവും |

| | | | |
|---|---|---|---|
| | | | വേർതിരിച്ച് കാര്യക്ഷമമായ പോലീസ് സംവിധാനം<br>• ക്രമസമാധാന പ്രശ്ന സാധ്യത മുൻകൂട്ടികണ്ട് നടപടി സ്വീകരിക്കുവാൻ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച്, ഷാഡോ വിഭാഗം എന്നിവ പ്രവർത്തിക്കുന്നു.<br>• സബ് ഡിവിഷണൽ ഡി.വൈ.എസ്. പി. മാർക്കാണ് അവരുടെ അധികാരപരിധിയിലെ ഗുരുതര സ്വ ഭാവമുള്ള കേസുകളുടെ അന്വേഷണ ചുമതല.<br>• പൊതുജന സുരക്ഷ ഉറപ്പു വരുത്തുന്നതിനായി പിക്കറ്റ് പോസ്റ്റുകൾ, മൊബൈൽ പട്രോളിഗ്,ജനമൈത്രി സുരക്ഷാ പദ്ധതി, പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, നിർഭയ, വനിതാ ഹെൽപ്പ് ഡെസ്ക്, സ്ത്രീ സുരക്ഷക്കായി സ്വയം രക്ഷാ പദ്ധതി എന്നിവ. |
| (ഇ) | സംസ്ഥാനത്തെ ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റാന്വേഷണത്തിനും സഹായകമായ സംവിധാനം എന്ന നിലയിൽ സി.സി.ടി.വി.സംവിധാനം എല്ലാ റോഡുകളിലും പൊതുസ്ഥലങ്ങളിലും | (ഇ) | ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ജ്വല്ലറികൾ, ഫാക്ടറികൾ എന്നിവിടങ്ങളിലെ സി.സി.ടി.വി. സംവിധാനം പോലീസുമായി ബന്ധപ്പെടുത്തി നിർവ്വഹിക്കുന്നതിനായി Central Intrusion Monitoring System, റെസിഡന്റ്സ് അസോസിയേഷനുകൾ/ അപ്പാർട്ട്മെന്റുകൾ എന്നിവിടങ്ങളിലെ സി.സി.ടി.വി. സംവിധാനം പോലീസ് വകുപ്പിന്റെ കമാന്റ് & കൺട്രോൾ സെന്ററുമായി ബന്ധപ്പെടുത്തി നിരീക്ഷണം, കുറ്റാന്വേഷണത്തിന് സഹായകമായ സി.സി.ടി.വി. ദൃശ്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള Video Analytics/Small Surveillance Project |

| | | | |
|---|---|---|---|
| | സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>പ്രസ്തുത സംവിധാനങ്ങളുടെ കാര്യക്ഷമത പരിശോധിക്കുന്നതിനായി കഴക്കൂട്ടം പോലീസ് സ്റ്റേഷൻ പരിധിയിൽ Pilot Implementation നടത്തുന്നതിന് C-DIT-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

21/

11243

NR 476 GR 200

PERSONAL ATTENTION

**CoB**

| | | |
|---|---|---|
| TO | : | ALL DPCs/IGsP (Ranges) |
| INF. | : | ADGsP (Zones) |
| FROM | : | DGP & STATE POLICE CHIEF, KERALA |

No. U2-15932/2019/PHQ Dated, 22nd January, 2019.

Sub:- Damage caused to highways and State roads etc. due to violence caused by harthals etc. - necessary action - instruction – reg.

Ref: - 1.Judgment of the Hon'ble Supreme Court of India dated 01-10-2018 in the case _Kodungallur Film Society V. Union of India_ [Writ Petition Civil) No.330/2018]
2. Letter No.U2-15932/2018-PHQ dated 01-11-2018 from the State Police Chief.

Attention is invited to the references cited. It has already been instructed vide Letter 2nd cited that the *dictum* in the judgment 1st cited shall be made applicable in all instances where loss of life or damage to property is occasioned due to mob violence or protests or demonstrations in future. Recently, instances revealing damage to State roads, highways etc. during harthals are also seen reported. The Patna High Court vide judgment dated 21-02-2011 in the case _Vikash Kumar Singh vs The State of Bihar_ [CWJC No.17979 of 2010] had already held that government roads and highways are public properties. Hence, the damage caused to National and State highways, government roads etc. shall also be regarded as damage to public property and action taken as directed by the apex court vide judgment 1st cited. The invoking of the provisions under the Prevention of Damage to Public Property Act, 1984 along with IPC provisions may also be considered while registering such cases.

In view of the above legal position, it is instructed that if damage to government roads, highways etc. due to violence are noticed, the following steps shall be followed:

1. When any act of violence results in damage to property (read roads), concerned police officials should file FIRs and complete investigation as far as possible within the statutory period. The persons responsible for such violence should be identified.

2. The quantified loss furnished by the Engineers concerned or other officers responsible shall be submitted to the APP/PP concerned without delay, that is, sufficiently before the initiation of court proceedings in the bail applications of the persons arrested who are responsible for such violence.

3. The matter shall be followed up with the APP/PP concerned, for the demand of deposit of the quantified loss by the accused agitators on the basis of the details of damage furnished by the Engineers/other officers concerned.

DPCs are directed to brief all the field officers. The immediate superior officers and controlling officers should ensure that all the above instructions are strictly followed.

22/1

**LOKNATH BEHERA, IPS,**
Director General of Police &
State Police Chief.

Copy to : All Officers in PHQ/CA to DGP&SPC/DD PR, PHQ

2020/22/1/19

23

ന്യൂസ്‌സ്‌നം B

CoB

TO : ALL DPCs/IGsP (Ranges)

INF. : ADGsP (Zones)

FROM : DGP & STATE POLICE CHIEF, KERALA

No. U6-5162 /2019-PHQ Dated 14th January, 2019.

Sub:-The Kerala Prevention of Damage to Private Property and Payment of Compensation Ordinance, 2019 (Ordinance No.5 of 2019) promulgated – copy forwarded for compliance - reg.

The Kerala Prevention of Damage to Private Property and Payment of Compensation Ordinance, 2019 has been promulgated by the Governor of Kerala on 08-01-2019 and the same is in force. It is brought to the notice of all officers concerned that the offences created under sections 4 & 5 of the Ordinance can be made applicable to incidents that have occurred in the State since 08-01-2019. Copy of the Ordinance is enclosed for strict compliance.

14/1

LOKNATH BEHERA, IPS,
Director General of Police &
State Police Chief.

Encl: Copy of Ordinance.

Copy to :All Officers in PHQ/CA to DGP&SPC/DD PR, PHQ

CoB TELE PHQ
Sir,
Copy received for CoB transmission only
(Except Local delivery)
14 JAN 2019
Time 1320 Sign.